# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4882**     **18.12.2014 ൽ മറുപടിക്ക്**

## വൈപ്പിൻ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ

**ചോദ്യം**

ശ്രീ. എസ്. ശർമ്മ

**ഉത്തരം**

ശ്രീ വി കെ ഇബ്രാഹീം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

എ) ഭരണാനുമതി ലഭിച്ചിട്ടും വൈപ്പിൻ മണ്ഡലത്തിൽ ഇതുവരെയും ആരംഭിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

എ) വൈപ്പിൻ പള്ളിപ്പുറം റോഡിലെ കാന നിർമ്മാണം, കൈമൾചിറ റോഡിന്റെ ഉപരിതലം പുതുക്കൽ, എളംകുന്നപ്പുഴ-കിഴക്കേആറാട്ടുവഴി- കുറുന്തേടം റോഡിന്റെ ഉപരിതലം പുതുക്കൽ, കാട്ടുങ്ങൽ - അടപ്പ റോഡിന്റെ ഉപരിതലം പുതുക്കൽ എന്നീ പ്രവൃത്തികൾ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിച്ചിട്ടില്ലാത്തവയാണ്.

ബി) നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

ബി) നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ ഉടമ്പടി പ്രകാരമുള്ള പിഴയിടാക്കുന്നതാണ്. കൂടാതെ റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്യാനും വ്യവസ്ഥയുണ്ട്.

സി) എഗ്രിമെന്റ് പ്രകാരമുള്ള സമയ പരിധിയിൽ നിന്നും സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്ന് വ്യക്തമാക്കാമോ?

സി) എഗ്രിമെന്റ് പ്രകാരമുള്ള സമയ പരിധിയിൽ നിന്നും സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ഉത്തരവാദപ്പെട്ടിട്ടുള്ളത് എഗ്രിമെന്റിൽ ഒപ്പ് വെച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്.

സെക്ഷൻ ഓഫീസർ